"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - ഗ്രാമവികസന വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന ആലപ്പുഴ ജില്ലാപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന ശ്രീമതി.ലിജിമോൾ പി-യെ മാതൃവകുപ്പിലേക്ക് തിരികെ അയച്ച് പകരം ശ്രീ.ഹരികുമാർ ബി- യ്ക്ക് അമ്പലപ്പുഴ ബ്ലോക്കിൽ പുനർവിന്യാസ നിയമനം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2782/2019/തസ്വഭവ** **തിരുവനന്തപുരം, തീയതി, 06.12.2019**

പരാമർശം:
1. സ.ഉ.(സാധാ)നം.1067/2013/തസ്വഭവ തീയതി.19.04.2013
2. ശ്രീമതി ലിജിമോൾ പി സമർപ്പിച്ച അപേക്ഷ
3. ശ്രീ. ഹരികുമാർ ബി സമർപ്പിച്ച 23.11.2019-ലെ അപേക്ഷ
4. ഗ്രാമവികസന കമ്മീഷണറുടെ 27.11.2019-ലെ 17162/എസ്റ്റാ.സി4/19/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം പുനർവിന്യാസ വ്യവസ്ഥയിൽ ആലപ്പുഴ ജില്ലാപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന ഗ്രാമവികസന വകുപ്പിലെ ജീവനക്കാരിയായ ശ്രീമതി ലിജിമോൾ പിയെ മാതൃവകുപ്പിലേക്ക് തിരികെ അയച്ച് പകരം അതേ വകുപ്പിലെ ശ്രീ.ഹരികുമാർ. ബി. യെ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്കിലേയ്ക്ക് പുനർവിന്യാസ നിയമനം നൽകണമെന്ന് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശിപാർശ ചെയ്തിരിക്കുന്നു.

ആലപ്പുഴ ജില്ലാപഞ്ചായത്തിൽ പുനർവിന്യാസത്തിൽ ജോലിചെയ്തുവരുന്ന ശ്രീമതി ലിജിമോൾ. പി യുടെ പേരിൽ അച്ചടക്ക നടപടിയോ വിജിലൻസ് അന്വേഷണങ്ങളോ മറ്റ് ബാധ്യതകളോ നിലവിലില്ലായെന്നും ശ്രീ.ഹരികുമാർ ബി പുനർവിന്യാസം ആവശ്യപ്പെട്ട അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ ഒഴിവുള്ളതായും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഗ്രാമവികസന വകുപ്പിൽ നിന്നും പുനർവിന്യാസ പ്രകാരം ആലപ്പുഴ ജില്ലാപഞ്ചായത്തിൽ ജോലിചെയ്തുവരുന്ന ശ്രീമതി.ലിജിമോൾ.പിയെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചും പകരം അതേ വകുപ്പിലെ ക്ലാർക്കായ ശ്രീ.ഹരികുമാർ ബി യെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ നിയമനം നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാപഞ്ചായത്ത്, ആലപ്പുഴ..
സെക്രട്ടറി, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ.
ബന്ധപ്പെട്ട വ്യക്തികൾക്ക് (വകുപ്പ് മേധാവി മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്: (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ